6. ഭരണപരമായ സൗകര്യാർത്ഥം ഇപ്പോഴുള്ള ബ്ലോക്ക് കൾക്കോ പ്രോജക്ട് കൾക്കോ തൊട്ട പ്രദേശങ്ങളിലായി രിക്കുന്നതും പുതിയ ബ്ലോക്കുകൾ തുടങ്ങുന്നതും.

ജലസേചനപദ്ധതിക്കു ശേഖരിച്ച സിമൻറ്, ഇരുമ്പ് മുതലായ സാധനങ്ങളിലുള്ള കുറവ്.

*415 [51] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചനപദ്ധതികൾക്കു ശേഖരിച്ച സിമൻറ്, ഇരുമ്പ് മുതലായവ വളരെയധികം സ്റ്റാക്കിൽ കുറവു കണ്ടതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ, എത്രയെല്ലാം കുറവു കണ്ടിട്ടുണ്ട്;

(സി) വാഴാനി പദ്ധതിക്കു ശേഖരിച്ചിരുന്ന സിമൻറിൽനിന്നും ഒരു ലോറി സിമൻറ് കടത്തിക്കൊണ്ടുപോയി വടക്കാഞ്ചേരി ചിറ്റിലാപ്പിള്ളി ചേറു എന്ന ആൾക്കു വില്ക്കാൻ ശ്രമിച്ചു എന്ന കാരണത്തിനു വടക്കാഞ്ചേരി പോലീസ് ഒരു കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ. ബി) ചാലക്കുടി പദ്ധതിക്കുവേണ്ടി സ്റ്റാക്കു ചെയ്തിരുന്ന സിമൻറിൽ 80 ടൺ കുറവു വന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിച്ചാൽ വേറെ കുറവൊന്നും വന്നതായി അറിവില്ല

(സി) ഉണ്ട്.

ഭൂമി വിതരണം.

*416. [52] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വളരെയധികം ഭൂമിയുള്ളവർ ഇപ്പോൾ ഗവണ്മെൻറ് ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടോ;

(ബി) അങ്ങനെയുള്ള ഭൂമി ഒഴിപ്പിച്ചെടുത്തു ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കും, ചെറുകിട കൃഷിക്കാർക്കും വിതരണം ചെയ്യാൻ ഫലപ്രദമായ വല്ല നടപടിയും എടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സ്വന്തമായി ഭൂമിയുള്ളവരും ഗവണ്മെൻറ് ഭൂമി കൈവശം വച്ചു് അനുഭവിച്ചുവരുന്നുണ്ടു്.

(ബി) അങ്ങനെയുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനു് നിലവിലുള്ള രീതിസു് അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly